# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *67 — 28/02/2018-ൽ മറുപടിയ്ക്ക്.

## ക്ഷീര മേഖലയുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ.പി<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീമതി. സി.കെ.ആശ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഉല്പാദനശേഷിയുള്ള കറവപശുക്കളുടെ എണ്ണം ഓരോ സെൻസസ് കഴിയുമ്പോഴും കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും പശുക്കളുടെ ഉത്പാദനക്ഷമതയിൽ രാജ്യത്ത് കേരളം രണ്ടാം സ്ഥാനത്താണ്. ഇത് നിലനിർത്തുന്നതിനും ഒന്നാം സ്ഥാനത്തെത്തുന്നതിനും വേണ്ടി പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായി ആവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരികയാണ്.<br>സംസ്ഥാനത്ത് ജനിക്കുന്ന പശുക്കുട്ടികളെ ഉല്പാദനക്ഷമതയുള്ള പശുക്കളാക്കി മാറ്റാൻ ലക്ഷ്യമിടുന്ന മൃഗ സംരക്ഷണവകുപ്പിന്റെ കന്നുകുട്ടിപരിപാലനപദ്ധതി, ഗോവർദ്ധിനി എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.<br>സബ്സിഡി നിരക്കിൽ പശുക്കുട്ടികൾക്ക് തീറ്റനൽകുന്ന ഈ രണ്ട് പദ്ധതികളിലുമായി എൻറോൾ ചെയ്യപ്പെടുന്ന കന്നുകുട്ടികൾക്ക് സഹായം നൽകി വരുന്നതോടൊപ്പം ആർ.കെ.വി.വൈ (രാഷ്ട്രീയ കൃഷി വികാസ് യോജന) ധനസഹായം ഉപയോഗിച്ച് സ്പെഷ്യൽ ഗോവർദ്ധിനി എന്ന പേരിൽ കൂടുതൽ കന്നുകുട്ടികളെ അധികമായി എൻറോൾ ചെയ്തിട്ടുമുണ്ട്.<br><br>സംസ്ഥാനത്തെ കന്നുകാലി പ്രജനന |

നയത്തിനനുസൃതമായി, ജനിതകമേന്മയുള്ള വിത്തുകാളകളുടെ ബീജം ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്തെ എല്ലാ കൃത്രിമ ബീജധാന കേന്ദ്രങ്ങളിലും കൃത്യസമയത്ത് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് എത്തിക്കുകയും. സങ്കരവർഗ്ഗ പശുക്കളുടെ പ്രതിദിന ശരാശരി പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി വിത്തുകാളകളുടെ ജനിതക മേന്മ തെളിയിക്കുന്നതിനുള്ള "സന്തതി പരിശോധനാ പദ്ധതി"(progeny testing scheme) വ്യാപിപ്പിക്കുകയും, ഇവിടെ നിന്നും മേൽത്തരം വിത്തുകാളക്കുട്ടികളെ ഉൽപ്പാദിപ്പിച്ച്, ഇവയെ സംസ്ഥാനത്തെ കന്നുകാലി പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്തു വരുന്നു.

(ബി) ക്ഷീരമേഖലയിലേക്ക് കടന്നുവരുന്ന പുതിയ സംരംഭകരെ ആകർഷിക്കുന്നതിന് പദ്ധതികൾ നടപ്പാക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ക്ഷീര മേഖലയിലേയ്ക്ക് കടന്നു വരുന്ന പുതിയ സംരംഭകരെ ആകർഷിക്കുന്നതിന് ക്ഷീര വികസന വകുപ്പ് മുഖേന കാറ്റിൽ ഫീഡിംഗ് സബ്സിഡി, മിൽക്ക് ഇൻസന്റീവ്, മിൽക്ക് ഷെഡ് ഡവലപ്മെന്റ്, കറവയന്ത്രം, തീറ്റപ്പുൽ കൃഷി വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.കന്നുകാലികളുടെ മരണം മൂലവും ഉല്പാദന ശേഷി നഷ്ടപ്പെടുന്നതു മൂലവും കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് ക്ഷീര കർഷകരെ ഈ മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ ഇൻഷ്വറൻസ് പദ്ധതിയായ നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ (NLM- 2016-17), സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഗോസമൃദ്ധി 2017-18 എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

(സി) കേരളത്തിൽ വൻകിട ഡയറി ഫാമുകൾ ആരംഭിക്കുന്നതിന് സ്ഥലപരിമിതിയുള്ളതിനാൽ ചെറുകിടകർഷകരെ സഹായിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(സി) ക്ഷീര വികസന വകുപ്പിന്റെ പദ്ധതികൾ എല്ലാം ഒന്നു മുതൽ 20 വരെ പശുക്കളെ വളർത്തുന്ന ചെറുകിട-ഇടത്തരം കർഷകരെ സഹായിക്കുന്നതിന് ലക്ഷ്യം വെച്ചാണ്. ഒന്നു മുതൽ 10 വരെ പശുക്കളെ വളർത്തുന്ന പുതിയ ഫാമുകൾക്ക് സബ്സിഡി അനുവദിച്ചും നിലവിലുള്ള ചെറുകിട കർഷകർക്ക് ഫാമിന്റെ

| | | |
|---|---|---|
| | | പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികളിലൂടെ ധനസഹായം നൽകിയും സംഘത്തിൽ അളക്കുന്ന പാലിന് ലിറ്ററിന് ഒരു രൂപ നിരക്കിൽ സർക്കാർ സബ്സിഡിയും ത്രിതല പഞ്ചായത്തുകൾ വഴി ലിറ്ററിന് പരമാവധി 3 രൂപ നിരക്കിൽ സബ്സിഡിയും അനുവദിച്ച് വരുന്നുണ്ട്. ഇതിനു പുറമേ ക്ഷീര കർഷക ക്ഷേമനിധിയിലൂടെ കർഷക പെൻഷനും, മറ്റ് വിവിധ ക്ഷേമ പദ്ധതികളിലൂടെയുള്ള ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. |
| (ഡി) | ഈ മേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ? | (ഡി) ക്ഷീര മേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ഫാം പ്രവർത്തനങ്ങൾയന്ത്രവത്കരിക്കുന്നതിനാണ് ക്ഷീരവികസന വകുപ്പ് മുൻതൂക്കം നൽകി വരുന്നത്. അതിനു അനുയോജ്യമായ യന്ത്രങ്ങൾ വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ